(സി) ആരോഗ്യ വകുപ്പിൽ 88 ഡോക്ടർമാരും ഹോമിയോ വിഭാഗത്തിൽ 8 മെഡിക്കൽ ഓഫീസർമാരും ആയുർവ്വേദ വിഭാഗത്തിൽ 4 മെഡിക്കൽ ഓഫീസർമാരും അവധിയിലാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അവധി വാങ്ങിയ 10 പേരും അവധി വാങ്ങാതെ 27 പേരുമുണ്ട്. ഡന്റൽ വിഭാഗത്തിൽ അവധി വാങ്ങിയ 10 പേരും അവധി വാങ്ങാതെ 3 പേരുമുണ്ട്. നേത്രരോഗ വിഭാഗത്തിൽ 2 പേർ അവധി വാങ്ങിയതും ഒരാൾ അവധി വാങ്ങാത്തയാളുമാണ്.

(ഡി) അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുപോരുന്നുണ്ട്. അപ്രകാരം നടപടി സ്വീകരിക്കുന്ന വേളയിൽ തിരികെ ജോലിയിൽ പ്രവേശിക്കുവാൻ സന്നദ്ധരായ ഡോക്ടർമാരെ അച്ചടക്ക നടപടിക്ക് വിധേയമായി ജോലിയിൽ തിരികെ പ്രവേശിപ്പിക്കാറുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ പി.എസ്.സി.-യിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കുന്നമുറയ്ക്ക് ഡോക്ടർമാരുടെ അപര്യാപ്തതയ്ക്ക് പരിഹാരമുണ്ടാകും.

സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങൾ

81 (788) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഇല്ലാത്ത എത്ര നിയോജക മണ്ഡലങ്ങൾ ഉണ്ട്; ഏതെല്ലാം ;

(ബി) ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററെങ്കിലും ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ എല്ലായിടത്തും പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങിയ ജീവനക്കാരുടെയും പശ്ചാത്തലസൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, അതിനു നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 15 ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

ജില്ല	നിയോജകമണ്ഡലം
തിരുവനന്തപുരം	വട്ടിയൂർക്കാവ്
കോട്ടയം	കോട്ടയം
എറണാകുളം	ആലുവ, കളമശ്ശേരി
പാലക്കാട്	പാലക്കാട്, മലമ്പുഴ
മലപ്പുറം	മഞ്ചേരി, വള്ളിക്കുന്ന്
കോഴിക്കോട്	പേരാമ്പ്ര, കോഴിക്കോട് സൗത്ത്, കോഴിക്കോട് നോർത്ത്
കണ്ണൂർ	കല്ല്യാശ്ശേരി, കണ്ണൂർ, തലശ്ശേരി, പേരാവൂർ

(ബി) സ്ഥലസൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമുള്ള ജീവനക്കാരുടെ പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത ഏർപ്പെടുത്തുന്നത് പ്രായോഗികമല്ല. കിടത്തി ചികിത്സാസൗകര്യം, ഒ.പി.-യിലെ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, നടപ്പിലാക്കുന്ന പൊതുജനാരോഗ്യ പദ്ധതികൾ തുടങ്ങിയവയ്ക്കനുസരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ വ്യത്യാസം ഉണ്ടാകുന്നതാണ്. എന്നിരിക്കിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അവശ്യം വേണ്ട മിനിമം ജീവനക്കാരുടെയും മിനിമം പശ്ചാത്തല സൗകര്യങ്ങളുടെയും കാര്യത്തിൽ തുല്യത ഏർപ്പെടുത്താവുന്നതാണ്.

സർക്കാർ ആശുപത്രികളുടെ അറ്റകുറ്റപ്പണികളിലെ വീഴ്ച

82 (789) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ പോലും സർക്കാർ ഗുരുതരമായ വീഴ്ച വരുത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly